DESPATCHED
On.. 8/3/23

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 554*(2)/2022*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **19477**/*എസ്.ഐ.സി-ജി 6/22*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീമതി ബി.വസുന്ധരാ ദേവി,**
**കെ.എസ്.ഭവൻ, കുളത്തൂർ, ഉച്ചക്കട പി.ഒ.,**
**നെയ്യാറ്റിൻകര, തിരുവനന്തപുരം – 695 506.** } **പരാതി ഹർജിക്കാരി**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&**
   **ഹെഡ് ക്ലാർക്ക്,**
   **കുളത്തൂർ ഗ്രാമപഞ്ചായത്ത്,**
   **ഉച്ചക്കട പി.ഒ., നെയ്യാറ്റിൻകര, തിരുവനന്തപുരം,**
   **പിൻ – 695 506.** } **എതിർകക്ഷി**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 19.09.2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 23.12.2022 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 24.12. 2022 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരിയായ ശ്രീമതി വസുന്ധരാ ദേവി ബി., 23.12.2022ന് സമർപ്പിച്ച പരാതി ഹർജി 24.12.2022ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.544(2)/22/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമായില്ലെന്നാണ്.

3. പരാതി ഹർജിക്കാരി 19.09.2022ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 19.05.2022ൽ (File No.400267/BAUV01/GPO/2022/499) പ്രതി ജെൻസി ജോസഫിന് കടമുറി പൊളിച്ചു മാറ്റുന്നതിനു വേണ്ടി ടി പഞ്ചായത്തിൽ നിന്നും എന്തു നടപടി സ്വീകരിച്ചുവെന്നുള്ളതിന്റെ അറ്റസ്റ്റ് ചെയ്ത കോപ്പിയാണ്

4. എതിർകക്ഷി 17.01.2023ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരി 22.09.2022ന് ഇ-മെയിൽ മുഖാന്തിരമാണ് വിവരാവകാശ അപേക്ഷ ടി ഓഫീസിൽ സമർപ്പിച്ചതെന്നും ടിയാളുടെ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകൾ നൽകുന്നതിന് 11.10.2022ൽ 12/- രൂപ ഒടുക്കണം എന്നാവശ്യപ്പെട്ട് ടിയാൾ അപേക്ഷ അയച്ച ഇ-മെയിൽ വിലാസത്തിൽ തന്നെ 11.10.20122ന് കത്ത് അയച്ചിരുന്നുവെന്നാണ്. എന്നാൽ ടിയാൾ കമ്മീഷനിൽ പരാതി സമർപ്പിക്കുന്നതുവരെ തുക ഒടുക്കി രേഖകൾ കൈപ്പറ്റാതെ ഒന്നാം അപ്പീൽ അധികാരിക്ക് പരാതി നൽകുകയാണുണ്ടായതെന്നാണ്. എന്നാൽ അതിനു ശേഷം 03.01.2023ന് ഓഫീസിൽ വരുകയും 12/- രൂപ ഒടുക്കി 03.01.2023ൽ മറുപടി കൈപ്പറ്റുകയും ചെയ്തുവെന്നാണ്.

കൂടാതെ ഹർജിക്കാരി ഒന്നാം അപ്പീൽ അധികാരിക്ക് നൽകിയ പരാതിക്ക് 03.01.2023ൽ മറുപടി സമർപ്പിക്കുകയും 09.01.2023ലെ കത്തുപ്രകാരം അപ്പീൽ തീർപ്പാക്കുകയും ചെയ്തിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുന്നുവെന്നുമാണ്.

5. 25.02.2023ന് കമ്മീഷൻ ആസ്ഥാനത്തു വച്ചു നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരി ഹാജരായില്ല. എതിർകക്ഷി ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരിയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ടിയാൾക്ക് മറുപടി ലഭ്യമായിട്ടില്ലെന്നാണ് കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരിക്ക് ഇ-മെയിൽ മുഖാന്തിരം മറുപടി അയച്ചതായി എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ പരാതി ഹർജി ഇന്നേദിവസം 2023 ഫെബ്രുവരി 28-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
Ge/